ടെലഫോൺ : 2721278

എൻ.സി.സി ഡയറക്ടറേറ്റ്
(കേരളവും, ലക്ഷദ്വീപും)
സംസ്ഥാന വിഭാഗം
തിരുവനന്തപുരം - 10

നമ്പർ. 1103/ബി4-എസ്റ്റാ/2020/എൻ.സി.സി

14 ഫെബ്രുവരി 2020

അഡീഷണൽ ഡയറക്ടർ ജനറൽ എൻ.സി.സി

എല്ലാ യൂണിറ്റുകൾക്കും
ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സുകൾക്കും

വിഷയം : വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഓഫീസുകളുടെ വാടകക്ക് അനുമതി തേടുന്നതിനുള്ള രേഖകൾ - സംബന്ധിച്ച്.

സൂചന : GO(MS)No.16/95/PW& T dated 09.03.1995

എൻ.സി.സി വകുപ്പിനു കിഴിൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഓഫീസുകളുടെ വാടക നിർണ്ണയിച്ച് അനുമതിക്ക് വേണ്ടി ഡയറക്ടറേറ്റിലേക്ക് ലഭിക്കുന്ന രേഖകളിലെ പിശകുകളും അപര്യാപ്തതകളും മൂലം അനുമതിക്ക് കാല താമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ എല്ലാ ഗ്രൂപ്പിലെയും മാനേജർമാരും യൂണിറ്റിലെ ജൂനിയർ സൂപ്രണ്ടുമാരും ഈ വിഷയത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണെന്നും വാടകയുടെ അനുമതിക്കു വേണ്ടി സമർപ്പിക്കുന്ന രേഖകൾ സർക്കാർ ഉത്തരവ് സൂചന ഒന്ന് പ്രകാരം തന്നെയാണ് സമർപ്പിച്ചിരിക്കുന്നതെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പു വരുത്തിയതിനു ശേഷം മാത്രമേ ഡയറക്ടറേറ്റിലേക്ക് രേഖകൾ അയയ്ക്കാൻ പാടുള്ളു എന്നും അറിയിക്കുന്നു. വാടകയുടെ അനുമതിക്ക് വേണ്ടി ചുവടെ കൊടുത്തിരിക്കുന്ന രേഖകൾ ആണ് സമർപ്പിക്കേണ്ടത്.

(എ) പി.ഡബ്ള്യൂ.ഡിയിൽ നിന്നും ലഭിച്ച നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് - 4 കോപ്പി

(ബി) ഓഫീസ് മേലധികാരിയുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് - 4 കോപ്പി

(സി) മുൻകാല അനുമതിയുടെ കോപ്പി (റെന്റ് റിവിഷൻ ആണെങ്കിൽ) - 4 കോപ്പി

..2

(ഡി)കെട്ടിട ഉടമസ്ഥന്റെ സമ്മത പത്രം - 4 കോപ്പി

(ഇ) PWD യിൽ നിന്ന് ലഭിക്കുന്ന റെന്റ് സർട്ടിഫിക്കറ്റ് - 4 കോപ്പി

(എഫ്)ലീസ് എഗ്രിമെന്റ് (കെട്ടിട ഉടമസ്ഥനും ബന്ധപ്പെട്ട അധികാരിയും തമ്മിൽ) - 4 കോപ്പി

(ജി) കെട്ടിട ഉടമയുടെ റെന്റ് ഡിമാന്റ് സർട്ടിഫിക്കറ്റ് - 4 കോപ്പി

(എച്ച്) റെന്റ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കാനുള്ള പെർഫോർമ (Appendix –III) - 4 കോപ്പി

വിശ്വസ്തതയോടെ,

(ഷാനി എസ് ജെ)
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
അഡീഷണൽ ഡയറക്ടർ ജനറൽ
എൻ.സി.സിക്കു വേണ്ടി.

<u>പകർപ്പ്</u>

എൻ.സി.സി വെബ്സൈറ്റ്